കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-2018

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/327 /2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in
തീയതി: 25.5.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.**2/327 /2019**

തീയതി **25.5.2019**

തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.9.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 - എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. സാജൻലാൽ.എസ്.ജെ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	11.02.2019 മുതൽ 19.02.2019വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി സിന്ധുലാബീവി, ഓഡിറ്റ് ഓഫീസർ ശ്രീ. അനിൽകുമാർ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീമതി.ആശ ജി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ. ശ്രീ. കോസലരാമദാസ് കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ. ശ്രീ.ഷിംജി.ജി, ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ .എച്ച് എസ് അരുൺ
01.04.2017 മുതൽ 31.03.2018 വരെ

സെക്രട്ടറി : ശ്രീ. ഹരിഗോപാൽ എൻ എസ്
1.4.17 മുതൽ 31.03.2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
സെക്രട്ടറി	ശ്രീ ഹരിഗോപാൽ എൻ. എസ്.	01.04.2017 മുതൽ 31.03.2018 വരെ
അസി.സെക്രട്ടറി	ശ്രീമതി അമ്പിളി എൻ.	01.04.2017 മുതൽ 31.03.2018 വരെ
അസി. എഞ്ചിനീയർ	ശ്രീ രാജാമണി എൻ.	01.04.17 മുതൽ 03.01.18 വരെ

	ശ്രീ. രതീഷ്കുമാർ എച്ച്	04.01.18 മുതൽ 31.03.18 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ ദേവിലക്ഷ്മി	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ. ഇന്ദുലേഖ	1.4.2017 മുതൽ 31.3.2018 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീമതി സുസ്മിത കെ.എസ്.	1.4.2017 മുതൽ 31.3.2018 വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	ഡോ വിജയദാസ്	01.04.2017 മുതൽ 31.03.18 വരെ
വെറ്ററിനറി സർജൻ	ഡോ ഷിബിൻ	01.04.2017 മുതൽ 31.3.2018 വരെ
എച്ച്.എം.-	ശ്രീമതി ഏയ്ഞ്ചൽ റോസ്	01.04.2017 മുതൽ 31.03.2018 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി മഞ്ജു വി.എൽ	01.04.2017 മുതൽ 31.03.2018 വരെ
വി.ഇ.ഒ (എ, സി. സർക്കിൾ)	ശ്രീ. ഷിബിൻ വി	01.04.2017 മുതൽ 31.03.2018 വരെ
കൃഷി ഓഫീസർ	ശ്രീമതി റിയ ശ്യാം	01.04.2017 മുതൽ 31.03.2018 വരെ
വി.ഇ.ഒ. (ബി സർക്കിൾ)	ശ്രീമതി ശ്രീകല ആർ.	01.04.2017 മുതൽ 31.03.2018 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം - 1	ഖണ്ഡിക നമ്പർ	പേജ് നമ്പർ
1	ബജറ്റ്	1-1	
2	വാർഷിക ധനകാര്യപത്രിക.	1-2	
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3	
4	സാമ്പത്തിക വിശകലനം	1-4	
5	ഫണ്ട് വിനിയോഗം	1-5	
6	പദ്ധതി അവലോകനം.	1-6	
7	തൊഴിലുറപ്പ് പദ്ധതി	1-7	
8	ക്ഷേമപദ്ധതികൾ	1-8	
9	ക്യാഷ് പരിശോധന	1-9	
10	ആഭ്യന്തര നിയന്ത്രണം	1-10	
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11	
12	വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ	1-12	
	ഭാഗം - 2		
13	തൊഴിൽ നികുതി ഒടുക്കു വരുത്തിയില്ല.	2-1	
14	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.	2-2	
15	മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക	2-3	
16	ബജറ്റ് രൂപീകരണം – സമയക്രമം പാലിച്ചിട്ടില്ല	2-4	
17	വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.	2-5	
18	ഇ-ടെണ്ടർ – ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും ഈടാക്കിയില്ല.	2-6	
19	ലേല നടപടികളിലെ കാലതാമസം – തനതു ഫണ്ടിനു നഷ്ടം	2-7	
	ഭാഗം-3		
20	ഗ്രാമലക്ഷ്മി മുദ്രാലത്തിൽ നിന്നും രജിസ്റ്ററുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.	3-1	
21	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.	3-2	
22	റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു.	3-3	
23	പ്രവൃത്തി സ്ഥലങ്ങളിൽ നെയിംബോർഡ് സ്ഥാപിച്ചിട്ടില്ല – ചെലവ് തുക നിരാകരിക്കുന്നു.	3-4	
24	സൈഡ് വാൾ പ്രവൃത്തി – കോൺക്രീറ്റിന് അധിക നിരക്ക് അനുവദിച്ചു.	3-5	

25	കരാർ ചമയ്ക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല.	3-6	
26	നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല.	3-7	
27	പാലിയേറ്റീവ് കെയർ – പ്രവർത്തനങ്ങൾ മരുന്നു വാങ്ങൽ – അപാകതകൾ	3-8	
28	മഴക്കാലപൂർവ്വ ശുചീകരണം – ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.	3-9	
29	പാലിയേറ്റീവ് കെയർ – മാർഗ്ഗ രേഖ ലംഘിച്ചു.	3-10	
30	സാക്ഷരതാ തുടർ പ്രവർത്തനങ്ങൾ – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.	3-11	
31	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം – 29300/- രൂപ തടസ്സപ്പെടുത്തുന്നു.	3-12	
32	സാമൂഹ്യ സുരക്ഷാ പെൻഷൻ – മാർഗ്ഗ രേഖയിൽ നിന്നും വ്യതിചലിച്ചു.	3-13	
	ഭാഗം - 4		
33	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1	
34	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2	
35	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3	
36	വായ്പ/വായ്പ തിരിച്ചടവ്	4-4	
37	സ്ഥിരനിക്ഷേപങ്ങൾ	4-	
38	ഓഡിറ്റ് റിക്കവറി	4-6	
39	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-7	
40	ഓഡിറ്റ് പ്രത്യവലോകനം	4-8	
41	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9	

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 22.3.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 2,40,18,500/-രൂപ വരവും 45,44,77,800/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവ് 12,44,81,453 /-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 11,13,76,960/- രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം) .

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി

31.7.2018	9.5.2018	-	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

വർഷം	വാർഷിക കണക്കുകൾ പരിശോധിച്ച തീയതി	റിപ്പോർട്ട് നമ്പർ
2017-18	18.6.2018 മുതൽ 19.6.2018 വരെ	കെ.എസ്.എ. റ്റി.വി.എം. ജി.പി.2/1775/18 തീയതി 8.8.2018

1-4 സാമ്പത്തിക വിശകലനം

(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	:	25907014 .00
വരവ്	:	98574439.00
ആകെ	:	124481453.00
ചെലവ്	:	111376960.00
നീക്കിയിരിപ്പ്	:	13104493.00

1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	26339006	26339006	26339006	0
വികസനഫണ്ട് (എസ്.സി.പി.)	0	6243171	6243171	6243171	0
വികസനഫണ്ട് (ടി.എസ്.പി.)	0	101959	101959	101959	0
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	12000802	12000802	12000802	0
കെ.എൽ.ജി.എസ് ഡി.പി	0	3822621	3822621	3822621	0
സംരക്ഷണഗ്രാന്റ് (നോൺ റോഡ്)	0	5781088	5781088	5781088	0
സംരക്ഷണഗ്രാന്റ് (റോഡ്)	0	11862804	11862804	11862804	0
എം.ജി.എൻ.ആർ. ഇ.ജി.എസ്	361229	1372526	1733755	1603532	130223
ബി ഫണ്ട്	0	338040	338040	338040	0
എസ്.ബി.ടി സാക്ഷരത	19922	742	19922	--	20664
തനത് ഫണ്ട് – സിൻഡിക്കേറ്റ് ബാങ്ക്	12809688	11750368	24560056	12350074	12209982
ബിപി & ഡി പി.	0	5198800	5198800	5579600	(-)380800
ട്രഷറി റ്റി.എസ്.ബി.	12600609	13612000	26212609	25238747	973862
ക്യാഷ്	115566	150562	266128	115566	150562

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	നിർവഹണോദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി	ഭാഗികമായി	നടപ്പാക്കാത്തവ	പൂർത്തീകരിച്ച

				(എണ്ണം)	ചെലവ്	നടപ്പാക്കിയത്		പ്രോജക്ടുകളുടെ ശതമാനം
1	കൃഷിഓഫീസർ	7	3646933	7	2733070	-	0	100%
2	വെറ്ററിനറി സർജൻ	7	8293700	7	5116200	-	0	100%
3	മെഡിക്കൽ ഓഫീസർ (പി.എച്ച് സി.)	9	3613400	9	3068550	-	0	100%
4	മെഡിക്കൽ ഓഫീസർ (ഹോമിയോ)	1	400000	1	400000	0	0	100
5	മെഡിക്കൽഓഫീസർ (ആയുർവേദം)	1	800000	1	800000	0	0	100
6	ഐ.സി.ഡി.എസ് സൂപ്പർവൈസർ	8	4477542	7	3562987	1		88
7	വി.ഇ.ഒ	5	5635000	5	5036959		0	100
8	വി.ഇ.ഒ	4	192200	2	1611000	2	0	50
9	സെക്രട്ടറി	26	13705740	25	10226708	1		96
10	അസി.സെക്രട്ടറി	1	192810	1	192810	0	0	100
11	അസി.എഞ്ചിനിയർ	200	52439691	137	34578172	6	57	69
12	ഡയറി ഫാം ഇൻസ്ട്രക്ടർ	2	5946647	2	5946647	-	0	100
13	ഹെഡ്മാസ്റ്റർ,.	11	2907000	10	2119749	1	0	91
	ആകെ	282	8853647	214		11	57	76

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവുകൾ	361229	1372526	1733755	1603532	130223
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	68380978	68380978	68380978	0
ആകെ	361229	69753504	70114733	69984510	130223

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	338040	620
കർഷക തൊഴിലാളി പെൻഷൻ	13244300	1183
വിധവാപെൻഷൻ	21020500	1170
വാർദ്ധക്യകാല പെൻഷൻ	34739800	2840

വികലാംഗ പെൻഷൻ	7367300	616
വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം	5,10,000	17 (*)
അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം	648400	54

(*) RP-7 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിന്റെ വിവരം വാർഷിക ധനാകാര്യപത്രിക പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.19 ഉച്ചയ്ക്ക് 2 മണിയ്ക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,464 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

i) പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവന പ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

ക്രമ നം	പ്രവർത്തനം	പഞ്ചായത്ത് സ്വീകരിച്ച നടപടി
1	ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം	ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.
2	പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം	1 പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടിയിട്ടുണ്ട്
3	പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം	പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല
4	റെക്കോർഡ് റൂം പരിപാലനം	രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തുന്നില്ല
ഫ്രണ്ട് ഓഫീസ്		
5	രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം.	വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്
6	അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം	കൈപ്പറ്റ് രസീത് നൽകാറുണ്ട്
7	ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം	സൂക്ഷിച്ചിട്ടില്ല
8	ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം	സൂക്ഷിച്ചിട്ടുണ്ട്
9	ഫോറം വിതരണ രജിസ്റ്റർ പരിപാലനം	ഫോറം വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
10	സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം	ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്

11	വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ്	തൻവർഷം വരവില്ല
12	ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം	തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട് PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്തിട്ടില്ല
13	ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം	ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല
14	ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം	ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ii) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം (01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകി വരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം 19/2018 23.1.19) മറുപടിയായി അറിയിച്ചിട്ടുണ്ട്. തൻവർഷം 13289 ഫയലുകൾ സ്വീകരിക്കുകയും അവയ്ക്ക് തീർപ്പുകല്പിക്കുകയും ചെയ്തിട്ടുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	07.02.19	1.12.18-01.01.19	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19.10.18	2013-14 മുതൽ 2017-18 വരെ	17.12.18

1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

(1) ചുവടെ ചേർക്കുന്ന ഇനങ്ങളിലെ മുന്നിരിപ്പ്, ലഭിച്ചത്, തിരികെ നൽകിയത്, നീക്കിയിരിപ്പ് തുക (മുന്നിരിപ്പ് + ലഭിച്ചത് – തിരികെ നൽകിയത്) എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇനം	മുന്നിരിപ്പ് (എ)	തൻവർഷം ലഭിച്ച തുക (ബി)	തിരികെ നൽകിയ തുക (സി)	നീക്കിയിരിപ്പ് (ഡി)	നീക്കിയിരിപ്പായി വരേണ്ടതുക (എ,ബി,സി

					പ്രകാരം)
ഗുണഭോക്തൃവിഹിതം	28900	1283887	0	285287	1312787
Advance to implementing officers	289921	886225	1832996	267783	-656850

വെറ്റിനറി സർജൻ, കൃഷി ഓഫീസർ എന്നിവർ ലഭ്യമാക്കിയ മറുപടി പ്രകാരം ആകെ 14,03,887/- രൂപയാണ് 2017-18 ൽ ഗുണഭോക്തൃവിഹിതമിനത്തിൽ പഞ്ചായത്തിലേയ്ക്ക് അടവാക്കിയത് . എന്നാൽ ഇത് എ.എഫ്.എസിലെ ആർ പി 31 (ഗുണഭോക്തൃവിഹിതം- 12,83,887) ലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

കൂടാതെ പ്രസ്തുത ഉദ്യോഗസ്ഥർക്ക് തിരികെ നൽകിയ തുക 14,03,887/- രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ആയത് "0 " ആണ്.

(2) I-1 ഷെഡ്യൂൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി 1653193/-രൂപയും പഞ്ചായത്തിന് ലഭ്യമായതുക 1624993/- ആണ്. വ്യത്യാസമുള്ള 28200/- രൂപയുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

(3) 2016-17ലെ ബാലൻസ് ഷീറ്റ് -ബി 9 പ്രകാരം Sale of usufructs of treesഎന്നയിനത്തിൽ 51000/- രൂപ മുൻകൂറായി ലഭ്യമായിട്ടുണ്ട്. I 5(b) പ്രകാരം 65502/- രൂപ ഡിമാന്റായി കാണിച്ചിട്ടുണ്ടെങ്കിലും തൻവർഷം തുക വരവു വന്നതായോ , ലഭ്യമാകേണ്ട 14502/- രൂപയുടെ വിവരം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(4) വാർഷിക ധനകാര്യപത്രികയിലെ ചുവടെ ചേർക്കുന്ന ഇനങ്ങളിലെ കുടിശ്ശിക ഡിമാന്റ് ഇനത്തിലെ വരവ് , നീക്കിയിരിപ്പ് എന്നിവയിലെ രേഖപ്പെടുത്തലുകളിൽ പൊരുത്തക്കേടുണ്ട്.

ഇനം	B15-2016-17 (അരിയർ ഡിമാന്റ്)	RP 43 (2017-18)	B15 (2017-18)	കുറിപ്പ്
Property tax (res)	401853	893381	589098	അരിയറിനത്തിൽ ഡിമാന്റിനേക്കാൾ തുക വരവു വന്നിട്ടുണ്ട്
Property tax (Nonres)	2469948	542953	551951	നീക്കിയിരിപ്പായി വരേണ്ടിയിരുന്ന തുക 19,26,995/- 13,75,044/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.
Profession Tax (Traders)	12150	11200	0	നീക്കിയിരിപ്പായി വരേണ്ടിയിരുന്ന തുക 950/-

(5) ചെലവുപത്രിക പ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് 6,98,000/- രൂപയും കെ.എസ്.ഇ.ബി യ്ക്ക് 6,21,000/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയിലെ ആർ.പി ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. ചെലവു പത്രിക പ്രകാരം നൽകിയ തുകയ്ക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ ഈ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) ശുചിത്വമിഷനിൽ നിന്നും (ആർ പി 7. 160100715) 2017-18 ൽ 4,98,000/- രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽ തൻവർഷം ചെലവഴിച്ച തുക (ചെലവിന്റെ വിശദാംശം) , നീക്കിയിരിപ്പുള്ള തുക എന്നിവയുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) ബാലൻസ് ഷീറ്റ് ബി9 പ്രകാരം govt dues payable - value added tax (350200202) – 80,298/- രൂപ , govt dues payable - Others (350300199) –15,619/- രൂപ എന്നിവ അതാത് സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കിയിട്ടില്ല.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തൊഴിൽ നികുതി ഒടുക്കുവരുത്തിയില്ല

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ഒന്നാം അർദ്ധ വർഷം	രണ്ടാം അർദ്ധ വർഷം
1	മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ്	1350	അടച്ചില്ല
2	മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ്	6930	അടച്ചില്ല
3	ചെഴങ്ങാനൂർ ദേവസ്വം ഗ്രേഡ്-1	5500	അടച്ചില്ല
4	ചെഴങ്ങാനൂർ ദേവസ്വം ഗ്രേഡ്-11	3750	അടച്ചില്ല
5	ക്ഷീരോത്പ്പാദക സഹകരണസംഘം ആനാവൂർ	അടച്ചില്ല	അടച്ചില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11-ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതിയിനത്തിൽ അടയ്ക്കാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-2 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി കുടിശ്ശികയുണ്ട്.

ക്രമ നം	സ്ഥാപനം	ഒന്നാം അർദ്ധവർഷം അടച്ച തുക	രണ്ടാം അർദ്ധവർഷം അടച്ച തുക	ഈടാക്കാൻ അവശേഷിക്കുന്ന തുക
1	വള്ളിച്ചിറ പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റി	1250	0	1250
2	ക്ഷീരോത്പ്പാദകസഹകരണ സംഘം, പാലിയോട്	1250	600	650
3	മുത്തൂറ്റ് ഫിനാൻസ് കാരക്കോണം	1250	0	1250
4	ക്ഷീരോത്പ്പാദകസഹകരണ സംഘം, മൂവേരിക്കര	600	0	600
5	അബ്രഹാം ഹോസ്പിറ്റൽ എള്ളുവിള	1250	0	1250
6	ക്ഷീരോത്പ്പാദകസഹകരണ സംഘം, എള്ളുവിള	0	600	600

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ലെന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതിയിനത്തിൽ അടയ്ക്കാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും 2017-18 വർഷം വസ്തു നികുതിയായി 51,277/- രൂപ കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	മൊബൈൽ ടവർ	ഡോർ നം.	കുടിശ്ശിക തുക
1	റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്	13/371/എ	28875
2	ഭാരതി എയർടെൽ	13/498/ബി	1610
3	എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈവെറ്റ് ലിമിറ്റഡ്	21/250	20792
	ആകെ		51277/-

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധചെലുത്തേണ്ടതാണ്.

2-4 ബജറ്റ് രൂപീകരണം -സമയക്രമം പാലിച്ചിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	നടപടിക്രമം	ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം
1	നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ	2016ഡിസംബർ 15-ന് മുൻപ്	ആവശ്യപ്പെട്ടിട്ടില്ല.
2	നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ	2017 ജനുവരി 15-ന് മുൻപ്	പ്രൊപ്പോസൽ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
3	ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ	2017 ജനുവരി 25-ന് മുൻപ്	10.3.2017
4	ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം	2017 ഫെബ്രുവരി 1-ന് മുൻപ്	-
5	ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം	2017 ഫെബ്രുവരി 28-ന് മുൻപ്	01.06.2017
6	ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ	2017 മാർച്ച് 1-ന് മുൻപ്	25.03.2017
7	കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ	2017 മാർച്ച് 7-ന് മുൻപ്	27.03.2017
8	അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ	2017 മാർച്ച് 31-ന് മുൻപ്	28.03.2017

2017-18 സാമ്പത്തിക വർഷത്തെ ബജറ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനമേധാവികൾ ഒരു വർഷത്തെ കണ്ടിജൻസി ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി നൽകിയിട്ടില്ല.

2-5 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 5,17,357/-രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമപഞ്ചായത്തിന് 5,174/- രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2-6 ഇ-ടെണ്ടർ -ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല.

28.9.13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്തിലേയ്ക്ക് ഒടുക്കിയ 1,36,640/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

2-7 ലേലനടപടികളിലെകാലതാമസം-തനതുഫണ്ടിനു നഷ്ടം

2017-18 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട താഴെപ്പറയുന്ന ഫലവൃക്ഷം/കുളബണ്ടിലെ പുല്ല്/കടമുറി എന്നിവ ലേലം ചെയ്തു നൽകിയിട്ടില്ലായെന്ന് ലേലഫയലുകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ടെത്തി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13ന് കടമുറികൾ വാർഷികമായും കുളബണ്ടിലെ പുല്ല്, ഫലവൃക്ഷം എന്നിവയുടെ മേലാദായം 3 വർഷത്തേയ്ക്കും ലേലം ചെയ്തു നൽകുന്നതായി മറുപടി ലഭിച്ചു. എന്നാൽ താഴെപ്പറയുന്ന വസ്തുക്കൾ മേലാദായത്തിന് ലേലം ചെയ്തു നൽകിയതിന്റെ കാലാവധി കഴിഞ്ഞിട്ടും തുടർലേലം നടത്തിയതായിക്കാണുന്നില്ല.

ക്രമ നമ്പർ	ലേലയിനം	അവസാനം ലേലം നടത്തിയ തിയതി
1.	കുറവാട് ചന്തയ്ക്കകത്ത് ഒഴിഞ്ഞു കിടക്കുന്ന ഒരുമുറി	31.03.2015
2.	പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളുടെ മേലാദായം	20.03.2014
3.	പോങ്കോട് കീഴെ കുളബണ്ടിലെ പുല്ല്,ഫലവൃക്ഷം എന്നിവയിൽ നിന്നുള്ള മേലാദായം	18.03.2014
4.	മൃഗാശുപത്രി കോമ്പൗണ്ടിലെ തെങ്ങിന്റെ മേലാദായം	03.2014
5.	മണ്ണംകോട്കുളബണ്ടിലെ തെങ്ങിന്റെ മേലാദായം	28.03.2014
6.	കുറിച്ചിപ്പഴിഞ്ഞി തോട്ബണ്ടിലെ 8 മൂട് തെങ്ങിൽ നിന്ന് മേലാദായം	18.03.2014
7.	കുന്നത്തുകാൽ PHC യിലെ മാവിൽ നിന്നും മേലാദായം	29.03.2014
8.	കോരണംകോട് ഐവർചിറ ബണ്ടിലെ 3 മൂട് തെങ്ങിലെ മേലാദായം	18.03.2014

9.	തേരണ്ടി കുളബണ്ടിലെ തെങ്ങിൽ നിന്ന് ആദായം	18.03.2014
10.	കുറ്റിക്കാട്ടുകോണം കുളബണ്ടിലെ പുല്ല്	19.03.2014

ലേലക്കാലാവധി കഴിഞ്ഞിട്ടും അവസാനം ലേലം പിടിച്ച വ്യക്തികൾ ലേല വസ്തുക്കൾ കൈവശം വച്ച് മേലാദായം എടുത്തു വരുന്നതിലൂടെ തനതുഫണ്ടിന് വലിയതോതിൽ വരുമാനച്ചോർച്ചയുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രജിസ്റ്ററുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രജിസ്റ്ററുകളും ഫാറങ്ങളും വാങ്ങുന്നതിനായി 89,908/- രൂപ (വൗച്ചർ നം.217001999, ചെക്ക്നം 805113/7.6.17) ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭിച്ച ഇൻവോയിസിൽ 77,185/- രൂപയുടെ മാത്രമേ രജിസ്ററുകൾ ലഭിച്ചിട്ടുള്ളൂ. 12,723/- രൂപയുടെ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ പൂർണ്ണമായും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-2 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾക്ക് നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പ്രോജക്ട് നം/ പേര്	അടങ്കൽ	ചെലവ്/ ബിൽ നം/ തീയതി	തുക കൈപ്പറ്റിയത്
307/18 SSA അധികവിഹിതം നല്കൽ	4,26,858/- (വികസനഫണ്ട് – പൊതുവിഭാഗം)	4,26,858/- (41/21.3.18)	പെരുങ്കടവിള ബ്ളോക്ക്
286/18 ഐ.കെ.എം വിഹിതം അടവാക്കൽ	1,22,880/- (വികസനഫണ്ട് – പൊതുവിഭാഗം)	1,22,880/- (3/30.06.17)	ഐ.കെ.എം
66/17-18 മണവാരി തോട്ടം പൈപ്പ് ലൈൻ നീട്ടൽ	1,00,000 ധനകാര്യകമ്മീഷൻ ഗ്രാന്റ്	1,00,000/- (33/ 21.2.18)	KWA NTA
271/18 വട്ടക്കാല നടപ്പാത പൈപ്പ് ലൈൻ നീട്ടൽ	95,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	95,000/- (23/23.10.17)	KWA NTA
258/18 ഊട്ടുപറമ്പ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ	53,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്	53,000/- (35/17 21.2.18)	KWA NTA
207/18 പൂത്തറ കുടിവെള്ളം പൈപ്പ് ലൈൻ നീട്ടൽ	80,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	76,000/- (36/18 21.02.18)	KWA NTA
293/18 കല്ലറമേൽ വിട്ടിയറം പൈപ്പ് ലൈൻ നീട്ടൽ	1,02,000/- (ധനകാര്യ കമ്മീഷൻ ഗ്രാമന്റ്)	1,02,000/- (25/18	KWA NTA

		10.11.17)	
s0068/18 സാമൂഹ്യസുരക്ഷാമിഷൻ വിഹിതം നൽകൽ	5,00,000/- വികസന ഫണ്ട് (ജനറൽ)	5,00,000/- 12/17-18 27.7.18	സോഷ്യൽ മിഷൻ

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1475738/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-3 റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു.

ഗ്രാമപഞ്ചായത്തിൽ റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്.29.03.2017-ലെ ജി.ഒ(എം.എസ്)72/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. കണക്ടിവിറ്റി മാപ്പ് തയാറാക്കാത്തത് പ്രവൃത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവൃത്തികളിൽ ആവർത്തനം ഉണ്ടാകുന്നതിനുമുള്ള സാഹചര്യം ഉണ്ടാകുന്നതിനും പാഴ്ച്ചെലവുണ്ടാകുന്നതിനും ഇടയാക്കുന്നു. റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ റോഡ് വികസനപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

3-4 പ്രവൃത്തി സ്ഥലങ്ങളിൽ നെയിംബോർഡ് സ്ഥാപിച്ചിട്ടില്ല- ചെലവ് തുക നിരാകരിക്കുന്നു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച ഭൂരിഭാഗം പ്രവൃത്തികളിലും നെയിംബോർഡ് സ്ഥാപിക്കാനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 19.02.19 ന് നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തി സ്ഥലങ്ങളിൽ പ്രാദേശിക പരിശോധന നടത്തിയതിൽ നെയിംബോർഡ് സ്ഥാപിച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

പ്രോജക്ടിന്റെ വിശദാംശം	അടങ്കൽ	ചെലവ് (ബിൽ നം./ തീയതി)	എം.ബുക്ക് നം.	റിമാർക്സ്
പ്രോ. നം.116/18 (ആനാവൂർ ക്ഷേത്രം മുതൽ ഇളകുനാട് നടപ്പാത മണവാരി വാർഡ്) കരാറുകാരന്റെ പേര് - ശ്രീ.കോമളൻ എസ് Tender below – 4.3%	1,50,000/- (വി.ഫ (സി.എഫ്.സി)	1,38,938/- (89/22.02.18)	359/17-18	എം.ബുക്ക് (item no.8, പേജ് നം 11) പ്രകാരം 5712/- രൂപ നെയിംബാർഡ് സ്ഥാപിക്കാനായി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ board സ്ഥാപിച്ചിട്ടില്ലായെന്ന് വ്യക്തമായി . ടെണ്ടർ കുറവ് കഴിഞ്ഞുള്ള തുക – 5466/-
പ്രോ. നം.139/18 (ഇടുക്കത്ത് കളത്തിലേയ്ക്കുള്ള നടപ്പാത കോൺക്രീറ്റ് കൈവൻകാല വാർഡ്) കരാറുകാരന്റെ പേര്- ശ്രീ.മോഹൻകുമാർ ജി Tender below -3.6%	2,00,000/- (വി.ഫ (സി.എഫ്.സി)	1,51,610/- (126/26.03.18)	459/17-18	എം.ബുക്ക് (item no.8, പേജ് നം 11) പ്രകാരം 5712/-രൂപ നെയിംബാർഡ് സ്ഥാപിക്കാനായി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ board സ്ഥാപിച്ചിട്ടില്ലായെന്ന് വ്യക്തമായി ടെണ്ടർ കുറവ് കഴിഞ്ഞുള്ള തുക – 5506/-

19.2.2019ലെ സ്ഥല പരിശോധനാ റിപ്പോർട്ട് പ്രകാരം എ.ഇ.യെ ഈ വിവരം ബോധ്യപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കിയില്ല. ആയതിനാൽ ചെയ്യാത്ത പ്രവൃത്തിയ്ക്ക് നൽകിയ ചെലവ് തുക 10972/- രൂപ നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3-5 സൈഡ് വാൾ പ്രവൃത്തി-കോൺക്രീറ്റിന് അധിക നിരക്ക് അനുവദിച്ചു

വിവിധ സൈഡ് വാൾ നിർമ്മാണ പ്രവൃത്തികളിൽ 11.4.4 എന്നയിനത്തിൽ കോൺക്രീറ്റിന് (1:2:4) അനുവദിക്കേണ്ട നിരക്ക് m^3 ന് 8461.65/-രൂപയാണ്. എന്നാൽ ഇതിന് പകരം m^3 ന് അധിക നിരക്ക് അനുവദിച്ചിരിക്കുന്നു.

അംഗീകൃത നിരക്ക്. (Mord 11.4.4)

item	Unit	Quantity	Rate Rs	Cost RS
cement	tonne	0.35	6394.65	2238.13
Coarse sand at site	Cum	0.45	1306.49	587.92
20 mm aggregate	Cum	0.54	1281.49	692.00
10 mm aggregate	Cum	0.36	1281.49	461.34
Labour				
Mate	Day	0.80	363	29.04
Mason (Ist class)	Day	0.12	435	52.2
Mazdoor (unskilled)	Day	1.73	329	569.17
Bhisti	Day	0.27	363	98.01
Machinery				
Concrete mixer 0.28/0.4 cum .....And form work @4% on cost of material	hour	0.4	100	40
Cost of 1.0 cum				4767.81
Add Overhead @ 10%				476.78
Add CP				524.459
Total				5769.04
Cost Index @46.67%				2692.41
Total for 1Cum				8461.45

അധിക നിരക്ക് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വേങ്ങക്കാല മുപ്പറത്തേരി റോഡ് സൈഡ് ഓടയും റീ ടാറിംഗും (15/18)

അടങ്കൽ : 487012/- മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ് : 480929/-

കരാറുകാരൻ : രാധാകൃഷ്ണൻ പി

ടെണ്ടർ : 2.5% below

എം ബുക്ക് നം : 640/16-17 (പേജ് നം 31)

ബിൽ നം : 12/11.07.17

നല്കിയ തുക : 6.692m^3@ 8799.92m^3=58889.06 രൂപ

നല്കേണ്ട തുക : 6.692m^3@8461.45m^3=56624.02രൂപ

വ്യത്യാസം : 2265.03

ടെണ്ടർ കുറവ് : 57

അധികം നല്കിയ തുക : 2208/-

2) വേലിത്താരക്കോണം നടപ്പാത ഇന്റർലോക്ക് (പ്രോ.നം 10/18)

അടങ്കൽ : 98,800/- ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവ് : 98,444/-

കരാറുകാരൻ : എസ് ഗോപകുമാർ

ടെണ്ടർ : 1.2 % below

എം ബുക്ക് നം : 484/16-17 (പേജ് നം 8)

ബിൽ നം : 47/18.08.17

നല്കിയ തുക : 0.66@8799.92m^3=5807.9472 രൂപ

നല്കേണ്ട തുക : 0.66m^3@8461.45m^3=5584.557 രൂപ

വ്യത്യാസം : 223

ടെണ്ടർ കുറവ് : 3

അധികം നല്കിയ തുക : 220/-

ഇപ്രകാരം അധികനിരക്ക് അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം 24/16.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 2428/- രൂപ കരാറുകാരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-6 കരാർ ചമയ്ക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല

13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ ഭരണസമിതി അംഗീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതുമാണ്; തുടർന്ന് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതും, വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദു ചെയ്തു തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, കരാറുകാരൻ പ്രസ്തുത സമയപരിധി പാലിക്കാതിരുന്നിട്ടും പിഴ ഈടാക്കാതെ കരാർ സ്ഥാപിക്കാൻ അനുവദിച്ചു. ഉദാഹരണം

പ്രവൃത്തിയുടെ പേര് പ്രോജക്ട് നം	കരാറുകാരന്റെ പേര്	കരാർ തുക	നോട്ടീസ് നല്കിയ തീയതി	കരാറിലേർപ്പെട്ട തീയതി	ഈടാക്കേണ്ടിയിരുന്ന പിഴ (രൂപ)
വറ്റയം പുതുവൽ റോഡിന്റെ സൈഡ് വാൾ കെട്ടൽ 31/18	എസ് ഗോപകമാർ 05/AE/LSGD/ KGP/17-18 dated 15.05.17	299782	26.03.17	15.05.17	2998

കരാറുകൾ ചമക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട സമയപരിധി പാലിക്കേണ്ടതും, വീഴ്ച വരുത്തുന്നപക്ഷം പിഴ ഈടാക്കുവാനും, സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

3-7 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല.

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതിയിൽ കരാർ വ്യവസ്ഥയിലെ സമയക്രമം പാലിക്കാത്തതിന് നിയമപ്രകാരം ജി.ഓ(പി.)13/2012/പി.ഡബ്ല്യു.ഡി./ 1.2.2012 മുഖേന പുതുക്കിയ 2012ലെ കേരള പൊതു മരാമത്ത് മാന്വൽ ഖണ്ഡിക 2112-1) ഈടാക്കേണ്ടതായ പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തി കരാർ പ്രകാരം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണവും സാധൂകരിച്ചിട്ടില്ല.

പ്രോജക്ട് നം/ പ്രോജക്ടിന്റെ പേര്	കരാറുകാരൻ / കരാർ തിയതി	കരാർ തുക/ എം.ബുക്ക് നം	വർക്ക് ഓർഡർ നൽകിയ തീയതി/ വർക്ക് സൈറ്റ് കൈമാറിയ തീയതി	പണി പൂർത്തിയാക്കേണ്ട തീയതി	പണി പൂർത്തീകരിച്ച തീയതി	ഈടാക്കേണ്ടതായ പിഴ (പൂർത്തീകരണ കാലയളവിന്റെ 25% വരെ പി.എ.സി.യും 1% തുടർന്ന് 2%)
9/18 അമ്പലത്തുവിളാകം കരക്കാട്ടുവിള നടപ്പാത ഇന്റർലോക്ക്	എസ്.ഗോപകുമാർ 57/AE/LSGD/ KGP/16-17	1,99,645/- 641/16-17	21.01.17/ 21.01.17	20.5.2017 (120 ദിവസം)	31.10.2017	1996 + 3992 = 5988
3/18 കല്ലറത്തല പറങ്കിമാല റോഡ് റീ ടാറിംഗ്	രാധാകൃഷ്ണൻ പി 93/AE/LSGD/ KGP/16-17 dated 6.02.17	4,79,240/- 435/16-17	06.02.17/ 06.02.17	6.5.2017 (90 ദിവസം)	4.11.2017	4792+9584 = 14376
31/18 വറട്ടയം പുതുവൽ റോഡിന്റെ സൈഡ് വാൾ കെട്ടൽ	എസ് ഗോപകുമാർ 5/AE/LSGD/ KGP/2017-18 dated 15.05.17	2,99,782/- 6/17-18	15.05.17	11.9.2017 (120 ദിവസം)	4.11.2017	1832
187/18 കുടുംബക്ഷേമ ഉപകേന്ദ്രം നിർമാണം	രതീഷ്കുമാർ എലവങ്കം പുത്തൻവീട് , കണ്ണറവിള, നെല്ലിമൂട് 13.08.17	8,64,689/- 187/18	06.10.2017 120 ദിവസം	2.2.2018 (120 ദിവസം)	14.3.2018	3939
					ആകെ	26135/-

പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 26135/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കരാറുകൾ ചമക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട സമയപരിധി പാലിക്കേണ്ടതും, വീഴ്ച വരുത്തുന്നപക്ഷം പിഴ ഈടാക്കുവാനും, സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12/13.02.19, 16/14.02.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

3-8 പാലിയേറ്റീവ് കെയർ–പ്രവർത്തനങ്ങൾ - മരുന്നുവാങ്ങൽ–അപാകതകൾ

പ്രോജക്ട് നമ്പർ	: 99/2018
പ്രോജക്ടിന്റെ പേര്	: പി.എച്ച്.സി/പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് മരുന്നു വാങ്ങൽ (അലോപ്പതി/ആയുർവ്വേദം)
ഫണ്ടിനം	: മെയിന്റനൻസ് ഫണ്ട് (റോഡിതരം)
അടങ്കൽതുക	: 5,50,000/-
ചെലവ്തുക	: 5,50,000/-
ബിൽനമ്പർ	: 13/17-18, തീയതി:24.03.2018

(1) കേന്ദ്രീകൃതരീതിയിലുള്ള മരുന്ന് വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയെന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശ ഭരണസ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്.എന്നാൽ ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങാൻ പാടില്ല.(സ.ഉ.(എം.എസ്)നമ്പർ.80/2017/തസ്വഭവ, തീയതി.03.04.2017).

എന്നാൽ മെഡിക്കൽ ഓഫീസർ PHC നിർവ്വഹണം നടത്തിയ പ്രോജക്ടിൽ NAC ഇല്ലാതെ KMSCLൽ നിന്ന് 4,00,000/-രൂപയുടെ അലോപ്പതി മരുന്നും ഔഷധിയിൽ നിന്ന് 1,50,000/- രൂപയുടെ ആയുർവ്വേദ മരുന്നും വാങ്ങിയിട്ടുണ്ട്.

ഭാവിയിൽ ഇത്തരം പ്രോജക്ട് നടപ്പിലാക്കുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC വാങ്ങേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(2) പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ 2015 ഖണ്ഡിക2.10.8 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിനു വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹസന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണച്ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത് ആ വ്യക്തിയുടെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യേണ്ടത്. എന്നാൽ ഔഷധിയിൽ നിന്ന് വാങ്ങിയ 1,50,000/- രൂപയുടെ ആയുർവ്വേദ മരുന്നിന്റെ തുക PHC യുടെ അക്കൗണ്ടിലേയ്ക്ക് നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ2 ന് മറുപടി ലഭ്യമായില്ല. ഭാവിയിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് പ്രോജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-9 മഴക്കാലപൂർവ ശുചീകരണം -ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1,15,500/-രൂപ പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നല്കിയിട്ടുണ്ട് (ചെക്ക് നം. 21700237/29.6.17)

സ.ഉ.(സാധാ)നം.2096/2017/തസ്വഭവ തീയതി 21.06.2017 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിലെ ഓരോ വാർഡിലും 25,000/- രൂപ വീതം ചെലവഴിക്കാവുന്നതാണ്. എന്നാൽ തൻവർഷം പഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിലും നടപ്പാക്കിയ പ്രവൃർത്തികളെയും ചെലവഴിച്ച തുകയെയും ഫണ്ടിനെയും സംബന്ധിച്ച രേഖകളൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയില്ല. മഴക്കാല ശുചീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി തൻ വർഷം തനത് ഫണ്ട് ഉൾപ്പെടെ 1,44,690/-രൂപ (തനത് ഫണ്ട് – 29190/ ചെക്ക് നം. 398771/29.12.17) ചെലഴിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മഴക്കാല ശുചീകരണ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1,44,690/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-10 പാലിയേറ്റീവ് കെയർ–മാർഗ്ഗരേഖ ലംഘിച്ചു

ജി.ഓ(ആർ.ടി)3217/2015 ത.സ്വ.ഭ.വ, തീയതി : 29.10.2015, പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ, ഖണ്ഡിക 2.10.6 പ്രകാരം പാലിയേറ്റീവ് കെയറിനു വേണ്ടി ഓരോ സാമ്പത്തിക വർഷത്തേയ്ക്കും ഒരു പ്രോജക്ട് മാത്രമേ നടപ്പാക്കാവൂ. സാമ്പത്തിക വർഷാരംഭം മുതൽ സാമ്പത്തിക വർഷാവസാനം വരെ വേണ്ടിവരുന്ന എല്ലാ പ്രവർത്തനങ്ങളും ചെലവുകളും കണക്കാക്കി പ്രോജക്ട്

തയ്യാറാക്കണം. പ്രോജക്ടിന് ഭേദഗതി ആവശ്യമായി വന്നാൽ ഭേദഗതി വരുത്തി പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് അംഗീകാരം നേടേണ്ടതാണ്.

എന്നാൽ 2017-18 സാമ്പത്തികവർഷം പാലിയേറ്റീവ് കെയറിനു വേണ്ടി പ്രോജക്ട് നമ്പർ 98,99,100 എന്നിങ്ങനെ 3 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ25ന് മറുപടി ലഭ്യമായില്ല. ഭാവിയിൽ പാലിയേറ്റീവ് കെയറിായി സർക്കാർ മാർഗ്ഗനിർദ്ദേശം കർശനമായി പാലിച്ച മാത്രം പദ്ധതി നിർവ്വഹണം നടത്താൻ ജാഗ്രത പുലർത്തേണ്ടതാണ്.

3-11 സാക്ഷരതാ തുടർ പ്രവർത്തനങ്ങൾ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

മേൽ പദ്ധതി (നം 301/17-18) പ്രകാരം 37,000/-രൂപ തനത് ഫണ്ട് വകയിരുത്തി ഹെഡ്മാസ്റ്റർ ഗവൺമെൻറ് യു.പി.സ്കൂൾ നിർവ്വഹണം നടത്തി അത്രയും തുക രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ചെലവ് (ചെക്ക് നം.7162967 തീയതി 23.02.2018) വരുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ഫയലിൽ സാക്ഷരതാ മിഷൻ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസറിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ആയത് സംബന്ധിച്ച് 16.02.2019 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 23/19 ന് സാക്ഷരതാ മിഷൻ ജില്ലാ ഓഫീസറുടെ അക്കൗണ്ടിൽ തുക നൽകിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രത്തിന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കിട്ടുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

3-12 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം-29,300/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	: 291/2017-18
അടങ്കൽ തുക	: 8,40,000/-
ചെലവ് തുക	: 6,44,600/-
ബിൽ നം./തീയതി	: 4/ 17.03.2018
നിർവ്വഹണം	: ഹെഡ്മാസ്റ്റർ, ഗവ.യു.പി സ്കൂൾ

ഗ്രാമ പഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് പഠന സഹായി ആയി 30,000/- രൂപ വിലയുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പവ്വർ, സി.എം.എസ്, ടെക്നോളജി, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും Acer Laptop Intel Core 29,300/- രൂപ നിരക്കിൽ 22 എണ്ണം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 21 ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുള്ളതിൻെറ കൈപ്പറ്റ് രസീത് മാത്രമാണ് ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച് 16.02.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് ലാപ്ടോപ്പ് വിതരണത്തിൽ 22 എണ്ണവും നൽകിയിട്ടുള്ളതാണെന്നും 21 എണ്ണത്തിന് മാത്രമാണ്കൈപ്പറ്റ് രസീത് വാങ്ങിയിട്ടുള്ളതെന്നും ഒരെണ്ണം വാങ്ങാൻ വിട്ടുപോയതാണെന്നും ഇപ്പോൾ വാങ്ങി ചേർത്തിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. കൈപ്പറ്റ് രസീത് ഓഡിറ്റിൽ ഹാജരാക്കത്തതിനാലും മറുപടി തൃപ്തികരമല്ലാത്തതിനാലും ഒരു ലാപ്ടോപ്പിൻെറ വിലയായ 29,300/- (29,300 x 22 = 6,44,600/-) രൂപ തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-13 സാമൂഹ്യസുരക്ഷാപെൻഷൻ–മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ചു

സാമൂഹ്യ സുരക്ഷാപെൻഷൻ 600/-രൂപയിൽ നിന്ന് 1000/-രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സ.ഉ(എം.എസ്)282/2016/ധന. പ്രകാരം ഉത്തരവാകുകയും ഒരാൾക്ക് ഒരു പെൻഷൻ എന്ന് നിജപ്പെടുത്തുകയും ചെയ്തു. പിന്നീട് 1000/- രൂപയെന്നത് 1100/- രൂപയായി വർദ്ധിപ്പിച്ചു. 75 വയസിനു മുകളിലുള്ളവരുടെ പെൻഷൻ 1500/- രൂപയായി ഉയർത്തി. ഇപ്പോൾ സാമൂഹ്യ സുരക്ഷാപെൻഷൻ ഗണ്യമായി ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ അർഹരായ വ്യക്തികൾക്ക് മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിനാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച് ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള

മാനദണ്ഡങ്ങൾ സംയോജിപ്പിച്ച കൊണ്ടും പുതിയ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടും സ.ഉ.(എം.എസ്) നമ്പർ. 483/2017 /ധനം/06.11.2017 പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ മുഖ്യമായവ ചുവടെ ചേർക്കുന്നു.

(എ) എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും/അപേക്ഷകരും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്. ഈ സത്യ പ്രസ്താവനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

(1) താൻ സർവ്വീസ് പെൻഷണർ അല്ല.

(2) താൻ ആദായനികുതി നൽകുന്നില്ല.

(3) തന്റെയോ തന്റെ കുടുംബത്തിന്റെയോ പേരിൽ രണ്ട് ഏക്കറിൽ കൂടുതൽ ഭൂമിയില്ല.

എന്നാൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചിട്ടുള്ള പല അപേക്ഷകളിലും ഇപ്രകാരം സത്യപ്രസ്താവന ഉൾപ്പെട്ടു കാണുന്നില്ല.

ഉദാ 1.അംബികകുമാരി, ലക്ഷ്മിവിലാസം, ചെറിയകൊല്ല.പി.ഒ

2. വിജയം.ഇ, മേക്കേകുഴിവിളപുത്തൻവീട്, കുന്നത്തുകാൽ.പി.ഒ

(ബി) വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റു ഭൗതികസാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹനാണെന്ന് സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമേ മറ്റു നടപടി ക്രമങ്ങൾ പാലിച്ച് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.

എന്നാൽ പ്രസ്തുത മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതിനുശേഷം സ്വീകരിച്ച ഭൂരിഭാഗം അപേക്ഷകളിലും വില്ലേജാഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ഉൾപ്പെട്ടുകാണുന്നില്ല.

അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാപെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെക്കുറിച്ച് പ്രാഥമികാന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കും. ഭാവിയിൽ പെൻഷൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വരുമാന സർട്ടിഫിക്കറ്റ് ഇല്ലാതെയുള്ള അപേക്ഷകളുടെ മേൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കി അർഹത പരിശോധിക്കുവാൻ ഭരണസമിതി തയ്യാറാകേണ്ടതുണ്ട്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ നം.	വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
1	ബ്ലോക്ക്പഞ്ചായത്ത്	2017-18	20,400	ജൈവസമൃദ്ധി	20,400	0
2	ബ്ലോക്ക്പഞ്ചായത്ത്	2017-18	2,00,000	ക്ഷീര വർദ്ധിനി വനിത	2,00,000	0
3	ബ്ലോക്ക്പഞ്ചായത്ത്	2017-18	7,00,000	ക്ഷീര വർദ്ധിനി വനിത	700,000	0
4	ബ്ലോക്ക്പഞ്ചായത്ത്	2017-18	26,500	മാനസിക വെല്ലുവിളി നേരിടുന്നവർക്ക്	26,500	0

				സ്കോളർഷിപ്പ്		
5	ബ്ലോക്ക്പഞ്ചായത്ത്	2017-18	10,00,000	ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യവികസനം	10,00,000	0
6	ബ്ലോക്ക്പഞ്ചായത്ത്	2017-18	5,05,000	പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്	3,40,000	1,65,000
7	ബ്ലോക്ക്പഞ്ചായത്ത്	2017-18	150000	പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നല്കൽ	15000	0
8	ജില്ലാപഞ്ചായത്ത്	2017-18	20400	ജൈവസമൃദ്ധി	20400	
9	ജില്ലാപഞ്ചായത്ത്	2017-18	200000	ക്ഷീരവർദ്ധിനി വനിത	200000	
10	ജില്ലാപഞ്ചായത്ത്	2017-18	300000	ക്ഷീരവർദ്ധിനി വനിത	300000	
11	ജില്ലാപഞ്ചായത്ത്	2017-18	26500	മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	26500	

സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും യഥാർത്ഥത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ തുകയല്ല വാർഷിക കണക്കിലുൾപ്പെടുത്തിയിട്ടുള്ളത്.

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
1	കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	621000	-	621ooo
2	കേരള വാട്ടർഅതോറിറ്റി	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	698000		698000

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവന പദ്ധതി	സ.ഉ(സാധാ) നം.429/2010 ത.സ്വ.ഭ.വ തീയതി 06.02.2010	2,01,03,000	20,37,614	20,10,300	50,242	27314

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-8 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	98574439.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	111376960.00
വരവിനങ്ങളിലുള്ള നഷ്ടം	0.00
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	13400.00
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1649728.00

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-4	10972/-	ശ്രീ. രതീഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ

3-5	2428/-	ശ്രീ. രാജാമണി. എൻ., അസിസ്റ്റന്റ് എഞ്ചിനീയർ

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	1475738/-	ശ്രീ. ഹരിഗോപാൽ, എൻ.എസ്., സെക്രട്ടറി
3-8	144690/-	115500/- : ഡോ. വിജയദാസ്, മെഡിക്കൽ ഓഫീസർ, .പി.എച്ച്.സി.
		29190/- : ശ്രീ. ഹരിഗോപാൽ, എൻ. എസ്., സെക്രട്ടറി
3-11	29300/-	ശ്രീമതി എയ്ഞ്ചൽ റോസ്., എച്ച്.എം.

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. വിജയദാസ്, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്	പുഷ്പാഞ്ജലി, നാറാണി, കുന്നത്തുകാൽ
ശ്രീമതി ഏയ്ഞ്ചൽ റോസ്. എച്ച്.എം.	ജി.യു.പി.എസ്., കുന്നത്തുകാൽഗ്രാമപഞ്ചായത്ത്	ചാണയിൽ, LIC , പട്ടം.
ശ്രീ. ഹരി ഗോപാൽഎൻ.എസ്.	കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്.	രോഹിണി, പടലിവിളാകം,പെരുങ്കടവിള, ആങ്കോട്,
ശ്രീ. രതീഷ് കുമാർ എച്ച്., അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് എഞ്ചിനീയർ	ഹരികൃഷ്ണ, ശാസ്താ നഗർ., 42/1 –കരമന.
ശ്രീ. രാജാമണി, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ	ഗ്രീൻലാന്റ്, വ്ലാത്താങ്കര, ചെങ്കൽ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1997-98	എൽ.എഫ്.റ്റി.ഡി.ജി.പി 6/362/13 തീയതി.03.05.13		
2000-01	എൽ.എഫ്.റ്റി.ഡി.ജി.പി.6/ 250/02 തീയതി.21.07.14		
2001-02	എൽ.എഫ്.റ്റി.ഡി.ജി.പി 6/633/04 തീയതി.21.07.14		

2002-03	എൽ.എഫ്.റ്റി.ഡി.ജി.പി 6/229/05 തീയതി.21.07.14		
2003-04	എൽ.എഫ്.റ്റി.ഡി.ജി.പി.6/1753/05 തീയതി.21.07.14		
2004-05	എൽ.എഫ്.റ്റി.ഡി.ജി.പി 6/366/14 തീയതി.21.07.14		
2005-06	എൽ.എഫ്.റ്റി.ഡി.ജി.പി 6/709/08 തീയതി.21.07.14		
2006-07	എൽ.എഫ്.റ്റി.ഡി.ജി.പി 6/710/08 തീയതി.21.07.14		
2008-09	എൽ.എഫ്.റ്റി.ഡി.ജി.പി 6/941/10 തീയതി.05.08.10		
2009-10	എൽ.എഫ്.റ്റി.ഡി.ജി.പി 6/1705/12 തീയതി.06.04.13	--	
2010-11	കെ.എസ്.എ.റ്റീ.വി.എം.ജി.പി.2/1176/2018 തീയതി 4.6.2018	7	
2011-12	"	4	
2012-13	"	2	
2013-14	''	3	
2014-15	''	6	
2015-16	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2134/2016 തീ.15.12.16	8	
2016-17	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1916/2017 തീ.2.11.2017	5	

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

edited BL 10.6.2019

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.